# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2774 — 10/12/2014 -ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ചുവടെ പറയുന്നു.<br>1. സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇലക്ട്രിക് കണക്ഷൻ ലഭിക്കാനുണ്ട്.<br>2. ഇതിനായി പാനൽ ബോർഡ് മുറി സ്ഥാപിക്കേണ്ടതുണ്ട്.<br>3. കാലപ്പഴക്കം ചെന്ന നിലവിലെ പഴയ പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതുണ്ട്.<br>4. 95 എച്ച്.പി കുതിരശക്തിയുള്ള പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുവാനുണ്ട്. |
| (ബി) 2014 ഡിസംബർ 31-നു മുമ്പായി പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിക്ക് തടസ്സമായി നിൽക്കുന്ന മേൽ വിഷയങ്ങൾ പരിഹരിച്ചു കിട്ടുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ സാധിക്കും. |
| (സി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ;<br>(ഡി) കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ? | (സി) & (ഡി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റെയിൽവേ ക്രോസിംഗിനുള്ള അനുമതി, പ്രായിക്കര പാലത്തിലൂടെയുള്ള അനുമതി എന്നിവ ലഭിക്കാത്തതും, ഗ്യാപ്പ് കണക്ഷൻ കൂട്ടിയോജിപ്പിക്കൽ, വാൽവ്വ |

കൾ, ഇലക്ട്രിക് സബ്സ്റ്റേഷൻ എന്നിവ കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളായി നിൽക്കുന്നു. ഇവ പരിഹരിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

സെക്ഷൻ ഓഫീസർ

JSK/